**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2999** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഫിഷറീസ് ഇന്നവേഷൻ കൗൺസിലിന്റെ രൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (എ) | ഉണ്ട്. സർക്കാരിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇന്നവേഷൻ കൗൺസിൽ മത്സ്യമേഖലയ്ക്ക് ഉണ്ടാക്കുന്ന പ്രയോജനങ്ങൾ വിശദമാക്കാമോ? | (ബി) | മത്സ്യമേഖലയിൽ ഒരു ഏകജാലക സംവിധാനത്തിലൂടെ സംഘടിതമായ വിവര കൈമാറ്റങ്ങളും ആസൂത്രണവും സംരംഭകത്വ പ്രോത്സാഹനവും നൽകുകയും കണ്ടുപിടുത്തങ്ങൾക്ക് ചാലക ശക്തി യാവുകയും ചെയ്യുക എന്നതാണ് ഫിഷറീസ് ഇന്നവേഷൻ കൗൺസിലിന്റെ പ്രധാന ലക്ഷ്യം. വിവിധ ഡിപ്പാർട്ട്മെന്റുകളുമായും മേഖലകളുമായുള്ള സഹകരണ ത്തിലൂടെയാണ് ഇന്നവേഷൻ കൗൺസിൽ പ്രവർത്തിക്കുക. മത്സ്യമേഖലയിലെ ശാസ്ത്രജ്ഞർ, ഫിഷറീസ് വകുപ്പ്, മത്സ്യ/മത്സ്യോൽപ്പന്ന കയറ്റുമതിക്കാർ, വ്യവസായ വകുപ്പ്, കെ-ഡിസ്ക്, നോളഡ്ജ് മിഷൻ, സ്റ്റാർട്ടപ്പ് മിഷൻ, ആർ & ഡി ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവ ഇന്നവേഷൻ കൗൺസിലിന്റെ നയരൂപീകരണ സംവിധാനത്തിന്റെ ഭാഗമായിരിക്കും. ഇതിലൂടെ സമുദ്രോൽപ്പന്ന ഉല്പാദക - കയറ്റുമതി അനുബന്ധ വ്യവസായ ശൃംഖലയുടെ ഒരു കേന്ദ്ര പ്രോത്സാഹന സംവിധാനമായി കൗൺസിലിന് പ്രവർത്തിക്കുവാൻ സാധിക്കുന്നതാണ്. മത്സ്യമേഖലയുടെ സുസ്ഥിരതയ്ക്കും ലാഭകരമായ വളർച്ചയ്ക്കും ഇന്നവേഷൻ കൗൺസിൽ സഹായകമാകും. |

സെക്ഷൻ ഓഫീസർ